**മധുരമായ കുട്ടികളേ- നിങ്ങളുടെ സത്യംസത്യമായ ദീപാവലി പുതിയലോകത്തിലാണുണ്ടാവുക, അതിനാൽ ഈ പഴയ ലോകത്തിലെ അസത്യമായ ഉത്സവങ്ങൾ കാണുന്നതിൽ നിങ്ങൾക്ക് താല്പര്യമുണ്ടാകില്ല.**

**ചോദ്യം:-** നിങ്ങൾ ഹോളീഹംസങ്ങളാണ്, നിങ്ങളുടെ കർത്തവ്യം എന്താണ്?
**ഉത്തരം:-** നമ്മുടെ മുഖ്യമായ കർത്തവ്യം ഒരു ബാബയുടെ ഓർമ്മയിൽ ഇരിക്കുക ഒപ്പം എല്ലാവരുടേയും ബുദ്ധിയോഗം ഒരുബാബയുമായി യോജിപ്പിക്കുക എന്നതാണ്. നമ്മൾ പവിത്രമായി മാറുന്നു, എല്ലാവരേയും ആക്കിമാറ്റുന്നു. നമുക്ക് മനുഷ്യനെ ദേവതയാക്കി മാറ്റുന്ന കർത്തവ്യത്തിൽ സദാ തല്പരരായിരിക്കണം. എല്ലാവരേയും ദുഃഖത്തിൽ നിന്നും മുക്തമാക്കി, വഴികാട്ടിയായി മാറി മുക്തി-ജീവന്മുക്തിയുടെ വഴി പറഞ്ഞുകൊടുക്കണം.

**ഗീതം:-** അങ്ങയെ നേടി ഞങ്ങൾ വിശ്വത്തെത്തന്നെ നേടി.....

**ഓം ശാന്തി.** കുട്ടികൾ ഗീതം കേട്ടു. കുട്ടികൾ പറയുന്നു ഞങ്ങൾ സ്വർഗ്ഗത്തിന്റെ രാജധാനിയാകുന്ന സമ്പത്ത് നേടുകയാണ്. അതിനെ ആർക്കും കത്തിക്കാൻ സാധിക്കില്ല, ആർക്കും മോഷ്ടിക്കാൻ പറ്റില്ല, നമ്മളിൽ നിന്നും ആ സമ്പത്തിനെ തട്ടിയെടുക്കാൻ ആർക്കും കഴിയില്ല. ആത്മാവിന് ബാബയിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത് ഇങ്ങനെയുള്ള ബാബയെ എപ്പോഴും മാതാപിതാവ് എന്നാണ് വിളിക്കുന്നത്. മാതാപിതാവിനെ തിരിച്ചറിയുന്നവർക്കേ ഇവിടേയ്ക്ക് വരാൻ സാധിക്കൂ. ബാബയും പറയുന്നു ഞാൻ കുട്ടികളുടെ സന്മുഖത്ത് പ്രത്യക്ഷപ്പെട്ട് പഠിപ്പിക്കുന്നു, രാജയോഗമാണ് പഠിപ്പിക്കുന്നത്. കുട്ടികൾ വന്ന് ജീവിച്ചിരിക്കെത്തന്നെ പരിധിയില്ലാത്ത അച്ഛനെ തന്റേതാക്കി മാറ്റുന്നു. ജീവിച്ചിരിക്കെത്തന്നെ ധർമ്മത്തിന്റെ കുട്ടികളായി സ്വീകരിക്കുന്നു. അങ്ങ് ഞങ്ങളുടേതാണ്, ഞങ്ങൾ അങ്ങയുടേതാണ്. നിങ്ങൾ എന്തിനാണ് എന്റേതായി മാറിയത്? പറയും- ബാബാ, അങ്ങയിൽ നിന്നും സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടുന്നതിനായാണ് ഞങ്ങൾ അങ്ങയുടേതായി മാറിയത്. ശരി കുട്ടികളേ, ഇങ്ങനെയുള്ള അച്ഛനെ ഒരിയ്ക്കലും ഉപേക്ഷിച്ച് പോകരുത്. അല്ലാത്ത പക്ഷം ഫലം എന്തായിരിക്കും? സ്വർഗ്ഗീയ രാജധാനിയുടെ സമ്പത്ത് നിങ്ങൾക്ക് പൂർണ്ണമായും നേടാൻ കഴിയില്ല. മമ്മയും ബാബയും മഹാരാജാവും മഹാറാണിയുമാകുന്നില്ലേ, എങ്കിൽ നിങ്ങളും പുരുഷാർത്ഥം ചെയ്ത് ഇത്രയും സമ്പത്ത് നേടണം. പക്ഷേ കുട്ടികൾ പുരുഷാർത്ഥം ചെയ്ത് മുന്നോട്ട് പോകവേ ഉപേക്ഷിച്ച് പോകുന്നു. പിന്നീട് ചെന്ന് വികാരങ്ങളിൽ കുടുങ്ങുന്നു അഥവാ നരകത്തിലേയ്ക്ക് വീഴുന്നു. ഹെൽ എന്ന് നരകത്തിനേയും ഹെവൻ എന്ന് സ്വർഗ്ഗത്തേയുമാണ് പറയുന്നത്. പറയുന്നു ഞങ്ങൾ സദാ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നതിനുവേണ്ടിയാണ് ബാബയെ തന്റേതാക്കി മാറ്റിയത് എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഞങ്ങൾ നരകത്തിലാണ്. സ്വർഗ്ഗം രചിക്കുന്ന സ്വർഗ്ഗസ്ഥനായ ഈശ്വരീയ പിതാവ് ഏതുവരെ വരുന്നില്ലയോ അതുവരെ ആർക്കും സ്വർഗ്ഗത്തിലേയ്ക്കു പോകാൻ സാധിക്കില്ല. ബാബയുടെ പേര് തന്നെ സ്വർഗ്ഗസ്ഥനായ ഈശ്വരീയപിതാവ് എന്നാണ്. ഇതും നിങ്ങൾക്ക് ഇപ്പോൾ അറിയാം. ബാബ പറയുകയാണ്- കുട്ടികളേ, നിങ്ങൾ മനസ്സിലാക്കുന്നുണ്ട് 5000 വർഷം മുമ്പ് എന്നപോലെ ഇപ്പോൾ നമ്മൾ ബാബയിൽ നിന്നും സമ്പത്ത് നേടുന്നതിനായാണ് അച്ഛന്റെ അടുത്തേയ്ക്ക് വന്നിരിക്കുന്നത്. എന്നിട്ടും മുന്നോട്ട് പോകവേ മായ തീർത്തും പാപ്പരാക്കുന്നു. പിന്നീട് പഠിപ്പ് ഉപേക്ഷിക്കുന്നു, അർത്ഥം മരിച്ചുപോകുന്നു. ഈശ്വരന്റേതായി മാറിയതിനുശേഷം കൈവിട്ട് പോവുക അർത്ഥം പുതിയ ലോകത്തിൽ നിന്നും മരിച്ച് പഴയലോകത്തിലെത്തിച്ചേരുക എന്നതാണ്. സ്വർഗ്ഗസ്ഥനായ ഈശ്വരീയ പിതാവുതന്നെയാണ് നരകത്തിലെ ദുഃഖത്തിൽ നിന്നും മുക്തമാക്കി പിന്നീട് വഴികാട്ടിയായി മാറി മധുരമായ ശാന്തിനിറഞ്ഞ വീട്ടിലേയ്ക്ക് നമ്മളെ കൊണ്ടുപോകുന്നത്, അവിടെ നിന്നാണ് നമ്മൾ ആത്മാക്കൾ വന്നത്. പിന്നീട് മധുരമായ സ്വർഗ്ഗത്തിന്റെ രാജ്യപദവി നൽകുന്നു. ഗതിയും സദ്ഗതിയും- ഈ രണ്ട് കാര്യങ്ങൾ നൽകാനാണ് ബാബ വരുന്നത്. സത്യയുഗമാണ് സുഖധാമം, കലിയുഗമാണ് ദുഃഖധാമം പിന്നെ നമ്മൾ ആത്മാക്കൾ എവിടെ നിന്നാണോ വരുന്നത് അതാണ് ശാന്തീധാമം. ഭാവിയിലേയ്ക്കായി ശാന്തിയും സുഖവും നൽകുന്ന ദാതാവ് ബാബ മാത്രമാണ്. ഈ അശാന്തിയുടെ ദേശത്തിൽ നിന്നും ആദ്യം ശാന്തീദേശത്തിലേയ്ക്ക് പോകും. അതിനെ മധുരമായ ശാന്തിനിറഞ്ഞ വീട് എന്നാണ് പറയുന്നത് നമ്മൾ അവിടെയായിരുന്നു വസിച്ചത്. ആത്മാവാണിത് പറയുന്നത് നമ്മുടെ മധുരമായ വീട് അതുതന്നെയാണ് ശേഷം നമ്മൾ ഇപ്പോൾ പഠിക്കുന്ന ഈ പഠിപ്പിലൂടെ സ്വർഗ്ഗത്തിന്റെ രാജധാനി ലഭിക്കുന്നു. ബാബയുടെ പേരുതന്നെ സ്വർഗ്ഗസ്ഥനായ ഈശ്വരീയ പിതാവ്, മുക്തിദാതാവ്, വഴികാട്ടി, നോളേജ്ഫുൾ, ആനന്ദസാഗരൻ, ജ്ഞാനസാഗരൻ എന്നെല്ലാമാണ്. ദയാഹൃദയനുമാണ്. സർവ്വരോടും ദയ കാണിക്കുന്നു. തത്വങ്ങളോടും

ദയ കാണിക്കുന്നു. എല്ലാവരും ദുഃഖങ്ങളിൽ നിന്നും മുക്തമാകുന്നു. മൃഗങ്ങൾക്കും ദുഃഖം ഉണ്ടാകുന്നുണ്ടല്ലോ. എന്തിനേയെങ്കിലും കൊല്ലുകയാണെങ്കിൽ ദുഃഖം ഉണ്ടാകില്ലേ. ബാബ പറയുന്നു മനുഷ്യരെ മാത്രമല്ല, എല്ലാവരേയും ദുഃഖത്തിൽ നിന്നും മുക്തമാക്കുന്നു. എന്നാൽ മൃഗങ്ങളെ കൂടെക്കൊണ്ടുപോകില്ല. ഇത് മനുഷ്യരുടെ കാര്യമാണ്. ഇങ്ങനെയുള്ള പരിധിയില്ലാത്ത ബാബ ഒരാൾ മാത്രമാണ് ബാക്കി എല്ലാവരും ദുർഗ്ഗതിയിലേയ്ക്കാണ് കൊണ്ടുപോകുന്നത്. നിങ്ങൾ കുട്ടികൾക്ക് അറിയാം പരിധിയില്ലാത്ത ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ അഥവാ മുക്തിധാമത്തിന്റെ ഉപഹാരം നൽകുന്നത്. സമ്പത്ത് നൽകുന്നില്ലേ. ഉയർന്നതിലും ഉയർന്നത് ഒരേ ഒരു ബാബയാണ്. എല്ലാ ഭക്തരും ഭഗവാനായ ആ ബാബയെയാണ് ഓർമ്മിക്കുന്നത്. ക്രിസ്ത്യാനികളും ഈശ്വരനെ ഓർമ്മിക്കുന്നു. സ്വർഗ്ഗസ്ഥനായ ഈശ്വരീയ പിതാവ് ശിവനാണ്. ശിവബാബ തന്നെയാണ് ആനന്ദസാഗരനും ജ്ഞാനസാഗരനും. ഇതിന്റെ അർത്ഥവും നിങ്ങൾ കുട്ടികൾക്കേ അറിയൂ. നിങ്ങളും നമ്പർവൈസാണ്. ചിലർ തീർത്തും ഇങ്ങനെയാണ് എത്രത്തോളം ജ്ഞാനത്തിന്റെ അലങ്കാരം ചെയ്താലും  വികാരത്തിൽ ചെന്നുവീഴുന്നു, മോശമായ ലോകത്തെ കാണുന്നു.

ചിലകുട്ടികൾ ദീപാവലി കാണാൻ പോകുന്നു. വാസ്തവത്തിൽ നമ്മുടെ കുട്ടികൾക്ക് ഈ അസത്യമായ ദീപാവലി കാണാൻ കഴിയില്ല. പക്ഷേ ജ്ഞാനമില്ലെങ്കിൽ മനസ്സിൽ ആഗ്രഹമുണ്ടാകും. നിങ്ങളുടെ ദീപാവലി സത്യയുഗത്തിൽ നിങ്ങൾ പവിത്രമായിരിക്കുമ്പോഴാണുണ്ടാവുക. നിങ്ങൾ കുട്ടികൾ മനസ്സിലാക്കിക്കൊടുക്കണം ബാബ വരുന്നതുതന്നെ മധുരമായ വീട്ടിലേയ്ക്കും മധുരമായ സ്വർഗ്ഗത്തിലേയ്ക്കും കൂട്ടിക്കൊണ്ടുപോകാനാണ്.  ആരാണോ നല്ലരീതിയിൽ പഠിക്കുന്നത്, ധരണചെയ്യുന്നത് അവരാണ് സത്യയുഗത്തിൽ വരുക. പക്ഷേ ഭാഗ്യവും വേണമല്ലോ. ശ്രീമതത്തിലൂടെ നടക്കുന്നില്ലെങ്കിൽ ശ്രേഷ്ഠമായി മാറില്ല. ഇത് ശ്രീ ശിവഭഗവാന്റെ വാക്കുകളാണ്. ഏതുവരെ മനുഷ്യർക്ക് ബാബയുടെ പരിചയം ലഭിക്കുന്നില്ലയോ അതുവരെ ഭക്തി ചെയ്തുകൊണ്ടിരിക്കും. എപ്പോൾ നിശ്ചയം പക്കാ ആകുന്നോ അപ്പോൾ സ്വയമേവ ഭക്തി ഉപേക്ഷിക്കും. നിങ്ങൾ പവിത്രമാണ്. ഈശ്വരീയ പിതാവിന്റെ നിർദ്ദേശാനുസരണം എല്ലാവരേയും പവിത്രമാക്കി മാറ്റുന്നു. അവർ കേവലം ഹിന്ദുക്കളെ അല്ലെങ്കിൽ മുസ്ലീങ്ങളെ ക്രിസ്ത്യാനിയാക്കി മാറ്റുന്നു. നിങ്ങളാണെങ്കിൽ ആസുരീയ മനുഷ്യരെ പവിത്രമാക്കി മാറ്റുന്നു. എപ്പോൾ പവിത്രമാകുന്നുവോ അപ്പോഴേ മധുരമായ വീട്ടിലേയ്ക്കും സ്വർഗ്ഗത്തിലേയ്ക്കും പോകാൻ സാധിക്കൂ. ഒന്നല്ലാതെ മറ്റാരുമില്ല, നിങ്ങൾ ഒരു ബാബയെയല്ലാതെ മറ്റാരെയും ഓർമ്മിക്കുന്നില്ല. ഒരു ബാബയിൽ നിന്നു മാത്രമാണ് സമ്പത്ത് ലഭിക്കുക അതിനാൽ ഒരു ബാബയെത്തന്നെയാണ് ഓർമ്മിക്കുക. നിങ്ങൾ പവിത്രമായി മാറി മറ്റുള്ളവരേയും പവിത്രമായി മാറുന്നതിൽ സഹായിക്കുന്നു. ആ കന്യാസ്ത്രീകൾ പവിത്രമാക്കി മാറ്റുന്നില്ല, തനിക്കുസമാനം കന്യാസ്ത്രീകളേയും സൃഷ്ടിക്കുന്നുമില്ല. കേവലം ഹിന്ദുക്കളിൽ നിന്നും ക്രിസ്ത്യാനികളാക്കി മാറ്റുന്നു. നിങ്ങൾ പവിത്രമായ കന്യാസ്ത്രീകൾ പവിത്രമാക്കി മാറ്റുകയും ചെയ്യുന്നു ഒപ്പം സർവ്വാത്മാക്കളുടേയും ബുദ്ധിയോഗം ഒരച്ഛനുമായി യോജിപ്പിക്കുന്നു. ഗീതയിലും ഉണ്ടല്ലോ– ദേഹസഹിതം ദേഹത്തിന്റെ സർവ്വസംബന്ധങ്ങളേയും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കൂ. പിന്നീട് ജ്ഞാനം ധാരണചെയ്യുന്നതിലൂടെയാണ് രാജധാനി ലഭിക്കുന്നത്. ബാബയുടെ ഓർമ്മയിലൂടെ തന്നെയാണ് സദാ ആരോഗ്യവാനായി മാറുന്നത് അതുപോലെ ജ്ഞാനത്തിലൂടെ സദാ ധനവാനായും മാറുന്നു. ബാബ ജ്ഞാനസാഗരനാണ്. മുഴുവൻ വേദങ്ങളുടേയും ശാസ്ത്രങ്ങളുടേയും സാരം മനസ്സിലാക്കിത്തരുന്നു. ബ്രഹ്മാവിന്റെ കൈകളിൽ ശാസ്ത്രം കാണിച്ചിട്ടില്ലേ. എങ്കിൽ ഇത് ബ്രഹ്മാവാണ്. ശിവബാബ ഇവരിലൂടെയാണ് മുഴുവൻ വേദങ്ങളുടേയും ശാസ്ത്രങ്ങളുടേയും സാരം മനസ്സിലാക്കിത്തരുന്നത്. ബാബ ജ്ഞാനസാഗരനാണ്. ബ്രഹ്മാവിലൂടെ നിങ്ങൾക്ക് ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളിലൂടെ പിന്നീട് മറ്റുള്ളവർക്ക് ലഭിച്ചുകൊണ്ടിരിക്കും.

ചിലകുട്ടികൾ പറയുന്നു– ബാബാ, ഞങ്ങൾ ഈ ആത്മീയ ഹോസ്പിറ്റൽ തുറക്കുകയാണ്, ഇവിടേയ്ക്ക് രോഗിയായി മനുഷ്യർ വന്ന് നിരോഗിയായി മാറും പിന്നെ സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടും, തന്റെ ജീവിതത്തെ സഫലമാക്കും, വളരെ അധികം സുഖം നേടും. എങ്കിൽ ഇത്രയും പേരുടെ ആശീർവ്വാദം തീർച്ചയായും അവർക്ക് ലഭിക്കും. ബാബ ആ ദിവസങ്ങളിലും മനസ്സിലാക്കിത്തന്നിരുന്നു ഗീത, ഭാഗവതം, വേദം, ഉപനിഷത്ത് മുതലായ ഭാരതത്തിന്റെ എന്തെല്ലാം ശാസ്ത്രങ്ങളുണ്ടോ, ഈ ശാസ്ത്രങ്ങളെല്ലാം അദ്ധ്യയനം ചെയ്യുക, യജ്ഞം, തപം, വ്രതം, തീർത്ഥാടനം മുതലായവ എന്തെല്ലാം ചെയ്യുന്നുണ്ടോ അതെല്ലാം ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ് ഇതെല്ലാം മോരിന് സമാനമാണ്. കേവലം ഒരേഒരു ശ്രീമത് ഭഗവത്ഗീതയുടെ ഭഗവാനിൽ നിന്നു മാത്രമേ ഭാരതത്തിന് വെണ്ണ ലഭിക്കൂ. ശ്രീമത് ഭഗവത്ഗീതയേയും ഖണ്ഡനം ചെയ്തിരിക്കുന്നു, ജ്ഞാനസാഗരനും പതിതപാവനനുമായ നിരാകാരനായ പരമപിതാ പരമാത്മാവിനു പകരം ശ്രീകൃഷ്ണന്റെ പേരിട്ട് ഗീതയേയും മോരാക്കി. ഒരുതെറ്റ് അത് എത്ര വലുതാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനസാഗരൻ നേരിട്ട് ജ്ഞാനം നൽകുകയാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം ഈ

സൃഷ്ടിചക്രം എങ്ങനെയാണ് കറങ്ങുന്നത്, ഈ സൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ വൃദ്ധി എങ്ങനെയാണ് ഉണ്ടാകുന്നത്? നിങ്ങൾ ബ്രാഹ്മണരാണ് കുടുമ, ശിവബാബയാണ് ബ്രാഹ്മണരുടെ അച്ഛൻ. വീണ്ടും ബ്രാഹ്മണനിൽ നിന്നും ദേവത പിന്നീട് ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രനായി മാറും. ഇത് കളിയാണ്. ഇതിനെയാണ് 84 ജന്മങ്ങളുടെ ചക്രം എന്നു പറയുന്നത്. വേദങ്ങളുടെ സമ്മേളനം നടത്തുന്നവർക്കും മനസ്സിലാക്കിക്കൊടുക്കാൻ നിങ്ങൾക്ക് സാധിക്കും. ഭക്തി മോരാണ്, ജ്ഞാനം വെണ്ണയും. ജ്ഞാനത്തിലൂടെയാണ് മുക്തിയും ജീവന്മുക്തിയും ലഭിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം വിസ്താരത്തിൽ മനസ്സിലാക്കണമെങ്കിൽ ധൈര്യവാനായി കേൾക്കൂ. നിങ്ങൾക്ക് മനസ്സിലാക്കിത്തരാൻ ബ്രഹ്മാകുമാരിമാർക്ക് സാധിക്കും ശാസ്ത്രങ്ങളിലും എഴുതിവെച്ചിട്ടുണ്ട് ഭീഷ്മപിതാമഹൻ, അശ്വത്ഥാമാവ് മുതലായവർക്ക് അന്തിമത്തിൽ ഈ പെൺകുട്ടികൾ തന്നെയാണ് ജ്ഞാനം നൽകിയത്. അന്തിമത്തിൽ എല്ലാവരും മനസ്സിലാക്കും ഇവർ ശരിയായ കാര്യമാണ് പറയുന്നത്, അന്തിമത്തിൽ തീർച്ചയായും വരും. നിങ്ങൾ പ്രദർശിനികൾ വെയ്ക്കുമ്പോൾ ആയിരക്കണക്കിന് മനുഷ്യരാണ് വരുന്നത് എന്നാൽ എല്ലാവരും നിശ്ചയബുദ്ധിയാകുന്നില്ലല്ലോ. കോടികളിൽ ചിലരാണ് നല്ലരീതിയിൽ മനസ്സിലാക്കി നിശ്ചയം ചെയ്ത് വരുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) പവിത്രമായി മാറി തനിക്കുസമാനം പവിത്രമാക്കി മാറ്റണം. ഒരു ബാബയെയല്ലാതെ മറ്റാരെയും ഓർമ്മിക്കരുത്.

2) അനേകം ആത്മാക്കളുടെ ആശീർവ്വാദം നേടുന്നതിനായി ആത്മീയ ആശുപത്രി തുറക്കണം. എല്ലാവർക്കും ഗതിയുടേയും സദ്ഗതിയുടേയും വഴി പറഞ്ഞുകൊടുക്കണം.

## വരദാനം:- ബ്രഹ്മാ ബാബയെ പിൻതുടർന്ന് ഫസ്റ്റ് ഗ്രേഡിലേക്ക് വരുന്ന സമാനരായി ഭവിക്കൂ

എല്ലാ ആത്മാക്കൾക്കും ബ്രഹ്മാ ബാബയോട് വളരെ സ്നേഹമുണ്ട്, സ്നേഹത്തിന്റെ അടയാളമാണ് സമാനമാകുക. ഇതിൽ സദാ ഈ ലക്ഷ്യം വയ്ക്കൂ അതായത് ആദ്യം ഞാൻ, അസൂയക്ക് വശപ്പെട്ട് ആദ്യം ഞാനല്ല, അത് നഷ്ടമുണ്ടാക്കുന്നു. എന്നാൽ ഫോളോ ഫാദർ ചെയ്യുന്നതിൽ ആദ്യം ഞാൻ എന്ന് പറഞ്ഞു ചെയ്തു അപ്പോൾ ഫസ്റ്റിനോടൊപ്പം താങ്കളും ഫസ്റ്റാകും. ഏതുപോലെയാണോ ബ്രഹ്മാ ബാബ നമ്പർവണ്ണായത് അതുപോലെ ഫോളോ ചെയ്യുന്നവരും നമ്പർവണ്ണിന്റെ ലക്ഷ്യം വയ്ക്കൂ. ആര് ചെയ്യുന്നോ അവർ അർജ്ജുനൻ, എല്ലാവർക്കും ഫസ്റ്റിലേക്ക് വരുന്നതിനുള്ള അവസരമുണ്ട്. ഫസ്റ്റ് ഗ്രേഡ് പരിധിയില്ലാത്തതാണ് കുറഞ്ഞതല്ല.

## സ്ലോഗൻ:- സഫലതാമൂർത്തിയാകണമെങ്കിൽ സ്വ സേവനവും മറ്റുള്ളവരുടെ സേവനവും ഒപ്പമൊപ്പം ചെയ്യൂ.

### മാതേശ്വരീജീയുടെ മഹാവാക്യങ്ങൾ

**1. ഈ ഈശ്വരീയ സത്സംഗം ഒരു സാധാരണ സത്സംഗമല്ല**

നമ്മുടെ ഈ ഈശ്വരീയ സത്സംഗം ഒരു സാധാരണ സത്സംഗമല്ല. ഇത് ഈശ്വരീയ വിദ്യാലയമാണ്, കോളേജാണ്. ഈ കോളേജിൽ നമുക്ക് ദിവസവും പഠിക്കണം, ബാക്കി സത്സംഗം കൂടുക, കുറച്ച് സമയം അവിടെ നിന്ന് കേട്ടു പക്ഷേ എങ്ങനെയാണോ മുമ്പത്തെ സ്ഥിതി അതുപോലെ തന്നെയാണ് പിന്നീടും എന്തുകൊണ്ടെന്നാൽ അവിടെ നിന്ന് എന്തെങ്കിലും പ്രാലബ്ധം ഉണ്ടാകാൻ ദിവസവും പഠിപ്പ് ലഭിക്കുന്നില്ല അതിനാൽ നമ്മുടെ സത്സംഗം ഒരു സാധാരണ സത്സംഗമല്ല. നമ്മുടേത് ഈശ്വരീയ കോളേജാണ്, ഇവിടെ പരമാത്മാവാണ് പഠിപ്പിക്കുന്നത് ശേഷം നമ്മൾ ആ പഠിപ്പിനെ പൂർണ്ണമായി ധാരണചെയ്ത് ഉയർന്ന പദവി പ്രാപ്തമാക്കുന്നു. എങ്ങനെയാണോ ദിവസവും സ്ക്കൂളിൽ മാസ്റ്റർ പഠിപ്പിച്ച് ഡ്രിഗ്രി നൽകുന്നത്

അതുപോലെ ഇവിടെയും സ്വയം പരമാത്മാവ് ഗുരുവിന്റേയും അച്ഛന്റേയും ടീച്ചറുടേയും രൂപത്തിൽ നമ്മെ പഠിപ്പിച്ച് സർവ്വോത്തമ ദേവീദേവതാ പദവി പ്രാപ്തമാക്കിത്തരുന്നു അതിനാൽ ഈ സ്ക്കൂളിൽ ചേരേണ്ടത് അത്യാവശ്യമാണ്. ഇവിടെ വരുന്നവർ തീർച്ചയായും ഈ ജ്ഞാനം മനസ്സിലാക്കണം, ഇവിടെ എന്ത് പഠിപ്പാണ് ലഭിക്കുന്നത്? ഈ പഠിപ്പ് പഠിക്കുന്നതിലൂടെ നമുക്ക് എന്ത് പ്രാപ്തിയാണ് ഉണ്ടാകുന്നത്! നമ്മൾ അറിഞ്ഞുകഴിഞ്ഞു സ്വയം പരമാത്മാവ് വന്നാണ് നമ്മളെ ഡ്രിഗ്രി പാസാക്കിക്കുന്നത് അതുപോലെ ഒരു ജന്മത്തിൽ തന്നെ മുഴുവൻ കോഴ്സും പൂർത്തിയാക്കുകയും വേണം. അതിനാൽ ആരാണോ ആരംഭം മുതൽ അന്ത്യം വരെ ഈ ജ്ഞാനത്തെ നല്ലരീതിയിൽ എടുക്കുന്നത് അവർ ഫുൾ പാസാകും. ബാക്കി ആരാണോ ഇടയിൽ വന്നത് അവർക്ക് ഇത്രയും ജ്ഞാനം എടുക്കാൻ കഴിയില്ല, അവർക്ക് എങ്ങനെ അറിയാൻ കഴിയും മുൻപ് എന്തെല്ലാമാണ് കോഴ്സിൽ നടന്നത്? അതിനാൽ ഇവിടെ ദിവസവും പഠിക്കേണം, ഈ ജ്ഞാനത്തെ അറിയുന്നതിലൂടെയേ മുന്നോട്ട് പോകാൻ സാധിക്കൂ അതിനാൽ ദിവസവും പഠിക്കണം.

**2. പരമാത്മാവിന്റെ സത്യമായ കുട്ടിയായി മാറിയാൽ പിന്നെ ഒരു സംശയത്തിലേയ്ക്കും വരരുത്**

എപ്പോൾ പരമാത്മാവ് സ്വയം ഈ സൃഷ്ടിയിലേയ്ക്ക് ഇറങ്ങിവന്നോ, അപ്പോൾ ആ പരമാത്മാവിന് നമ്മൾ പൂർണ്ണ സഹായം നൽകണം എന്നാൽ ഉറച്ച സത്യമായ കുട്ടിക്കേ ബാബയ്ക്ക് കൈ നൽകാൻ കഴിയൂ. ഈ അച്ഛന്റെ കൈ ഒരിയ്ക്കലും ഉപേക്ഷിക്കരുത്, അഥവാ ഉപേക്ഷിക്കുകയാണെങ്കിൽ നിരാശ്രയരായി എങ്ങോട്ട് പോകും! എപ്പോൾ പരമാത്മാവിന്റെ കൈപിടിച്ചുവോ പിന്നീട് സൂക്ഷ്മത്തിൽ പോലും ഈ സങ്കല്പം പോലും വരരുത് ഞാൻ ഉപേക്ഷിക്കട്ടെ അഥവാ സംശയം ഉണ്ടാകരുത്. നമ്മൾ അക്കരെയെത്തുമോ അതോ ഇല്ലയോ എന്ന് അറിയുകയില്ല എന്ന സംശയം വരരുത്, ചില കുട്ടികൾ ഇങ്ങനെയുമുണ്ടാകും അച്ഛനെ തിരിച്ചറിയാത്ത കാരണത്താൽ അച്ഛനു മുന്നിൽത്തന്നെയാണെങ്കിൽപോലും ഇങ്ങനെ പറയുന്നു ഞങ്ങൾക്ക് ആരുടേയും ചിന്തയില്ല. അഥവാ ഇങ്ങനെയുള്ള ചിന്ത വന്നാൽ ഇങ്ങനെയുള്ള അയോഗ്യരായ കുട്ടികളുടെ സംരക്ഷണം അച്ഛൻ എങ്ങനെ ചെയ്യും, പിന്നീട് അവർ വീണുപോവുക തന്നെ ചെയ്യും എന്തുകൊണ്ടെന്നാൽ മായ വീഴ്ത്താൻ വളരെ അധികം പരിശ്രമിക്കും എന്തുകൊണ്ടെന്നാൽ തീർച്ചയായും പരീക്ഷ നടത്തും യോദ്ധാവ് എത്രത്തോളം ശക്തിവാനായ ഫയൽവാനാണെന്ന് അറിയാൻ! ഇപ്പോൾ ഇതും ആവശ്യമാണ്, എത്രത്തോളം നമ്മൾ പ്രഭുവിന്റെ കൂടെ ശക്തിശാലിയാകുന്നുവോ അത്രത്തോളം ശക്തിശാലിയായി മായയും വീഴ്ത്താൻ പാടുപെടും. ജോഡി പൂർണ്ണമായിരിക്കും പ്രഭു എത്രത്തോളം മഹാനും ബലവാനുമാണോ അത്രത്തോളം ബലം മായയും കാണിക്കും, പക്ഷേ നമുക്ക് ഉറച്ച നിശ്ചയമുണ്ട് പരമാത്മാവാണ് മഹാബലവാൻ, അവസാനം ബാബയ്ക്കുതന്നെയാണ് വിജയം. ശ്വാസ-ശ്വാസങ്ങളിൽ ഈ വിശ്വാസം നിലനിൽക്കണം, മായയ്ക്ക് തന്റെ ശക്തി കാണിച്ചുകൊടുക്കണം, മായ പ്രഭുവിനു മുന്നിൽ ഒരിയ്ക്കലും തന്റെ ബലഹീനത കാണിക്കില്ല, അഥവാ ഒരു തവണ ബലഹീനത കാണിച്ചാൽ എല്ലാം തീരും അതിനാൽ മായ തന്റെ മുഴുവൻ ഫോഴ്സും കാണിക്കും, പക്ഷേ നമ്മൾ ഒരിയ്ക്കലും മായാപതിയുടെ കൈ വിടരുത്, ആ കൈകളിൽ പൂർണ്ണമായും പിടിക്കുകയാണെങ്കിൽ മനസ്സിലാക്കിക്കൊള്ളു വിജയം അവരുടേത് തന്നെയാണ്. പരമാത്മാവ് നമ്മുടെ അധികാരിയാകുമ്പോൾ ആ കൈകൾ ഉപേക്ഷിക്കണമെന്ന സങ്കല്പം പോലും വരരുത്. പരമാത്മാവ് പറയുന്നു, കുട്ടികളേ ഞാൻ സ്വയം സമർത്ഥനാണ്, അതിനാൽ എന്റെ കൂടെയുള്ള നിങ്ങളും തീർച്ചയായും സമർത്ഥരാകും. മനസ്സിലായോ കുട്ടികളേ.